# 61
# ക്രൂശിലെ മരണത്തിലേക്ക് നടന്ന പടികൾ
## (26:1-16)

മിക്കവാറും, 21:23-25:46 ലെ സംഭവങ്ങൾ നടന്നത് കഷ്ടാനുഭവാഴ്ച്ചയിലെ ചൊവ്വാഴ്ച്ചയായിരിക്കും. തന്റെ വിമർശകർ യേശുവിനോട് ഏറ്റുമുട്ടി ചോദിച്ച ചോദ്യങ്ങൾക്ക് അവൻ ഉത്തരം നൽകി, ദൈവാലയത്തിൽ അവൻ ഉപദേശിച്ചു (21:23-22:46). പരീശന്മാരുടെ കാപട്യത്തിനെതിരായി അവൻ പുരുഷാരത്തിന് മുന്നറിയിപ്പ് നൽകി (23:1-39). ദൈവാലയം വിട്ട്, അവൻ തന്റെ ശിഷ്യന്മാരുമായി ഒലിവുമലക്ക് പോയി. ഈ സമയത്ത്, അവൻ രഹസ്യമായി അവരോട് യെരുശലേം നാശത്തെ കുറിച്ചും ആകാശമേഘത്തിൽ താൻ മടങ്ങിവരുവാനിരിക്കുന്നതും അറിയിച്ചു (24:1-25:46). ഒലിവു മലയിൽ വെച്ചുള്ള അവന്റെ പ്രസംഗത്തോടുകൂടി യേശുവിന്റെ പരസ്യപ്രസംഗം അവസാനിച്ചു. ഒന്നൊഴിച്ച്,[1] അദ്ധ്യായം 26 ലെ മറ്റു സംഭവങ്ങളെല്ലാം സപ്ഷ്ടമായും, കഷ്ടാനുഭവാഴ്ച്ചയിലെ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിലായിരുന്നു. യേശുവിനെ കൊല്ലുവാനുള്ള യെഹൂദ മതാദ്ധ്യക്ഷന്മാർ ഗൂഢാലോചന നടത്തിയതും (26:1-5), യൂദാ കർത്താവിനെ അവർക്ക് ഒറ്റിക്കൊടുക്കാമെന്ന് സമ്മതിച്ചതും ബുധനാഴ്ച്ചയായിരിക്കും (26:14-16).

ഈ അദ്ധ്യായത്തോടുകൂടി നാം യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയടക്കം വിവരിക്കുന്ന മത്തായിയുടെ പുസ്തകത്തിലെ അവസാന ഭാഗത്തേക്ക് പ്രവേശിക്കുകയാണ് (അദ്ധ്യാ. 26-28). സുവിശേഷം അതിന്റെ ഉച്ചസ്ഥായിയിലെത്തിക്കുന്നവയാണ് ആ സംഭവങ്ങൾ; "യേശു തന്റെ ജനത്തിന്റെ ... പാപങ്ങൾ എങ്ങനെ മോചിക്കുന്നു" എന്ന് ഇവിടെ പ്രതിപാദിക്കുന്നു (1:21). യേശു ക്രൂശിൽ മരിക്കുന്നത് പരമോന്നതനായ ദൈവത്തിന്റെ ഇഷ്ടമായിരുന്നുവെന്നും, അത് കാലസമ്പൂർണ്ണതയിൽ യേശു തന്നെത്താൻ താഴ്ത്തി ലോകത്തിന്റെ മുഴുവൻ പാപത്തിനുള്ള യാഗമായി അർപ്പിച്ചുകൊടുക്കുകയായിരുന്നു (26:2, 18, 54, 56). ദൈവത്തിന്റെ നിത്യ പദ്ധതിയുടെ കാഴ്ച്ചപ്പാടിൽ, അതു വിപത്തോ പരാജയമോ ആയിരുന്നില്ല, മറിച്ച് നിറവേറലും വിജയവുമായിരുന്നു-ആ സംഭവ-പരമ്പര യേശുവിന്റെ ഉയർത്തെഴുന്നേൽപ് വിജയം പോലും.[2]

### #1: യേശുവിനെ കൊല്ലുവാനുള്ള ഗൂഢാലോചന (26:1-5)

**1ഈ വചനങ്ങൾ ഒക്കെയും പറഞ്ഞു തീർന്നശേഷം യേശു ശിഷ്യന്മാരോട്,**
**2"രണ്ട് ദിവസം കഴിഞ്ഞിട്ട് പെസഹ ആകുന്നു എന്നു നിങ്ങൾ അറിയുന്നു**
**വല്ലോ. അന്നു മനുഷ്യപുത്രനെ ക്രൂശിപ്പാൻ ഏൽപിക്കും എന്നു പറഞ്ഞു."**
**3അന്നു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും കയ്യഫാ**
**മഹാപുരോഹിന്റെ മണ്ഡപത്തിൽ വന്നു കൂടി. 4യേശുവിനെ ഉപായത്താൽ**

**പിടിച്ചു കൊല്ലുവാൻ ആലോചിച്ചു. [5]എങ്കിലും ജനത്തിൽ കലഹം ഉണ്ടാകാതിരിപ്പാൻ "പെരുന്നാളിൽ അരുത് എന്നു പറഞ്ഞു."**

**വാക്യം 1.** യേശുവിന്റെ ഉപദേശത്തിന്റെ ഓരോ ഭാഗവും അവസാനിക്കുമ്പോൾ മത്തായി ഉപയോഗിക്കുന്ന പ്രയോഗമാണ് "**യേശു ഈ വചനങ്ങൾ പറഞ്ഞു ... തീർന്ന ശേഷം**" എന്നത് (7:28; 11:1; 13:53; 19:1). ഈ സംഭവത്തിൽ, ശാസ്ത്രിമാരേയും പരീശന്മാരെയും ആക്ഷേപിക്കുന്നതും (അദ്ധ്യാ. 23), ഒലിവുമലയിലെ പ്രസംഗവും (അദ്ധ്യാ. 24; 25) ഒരു പ്രസംഗമായിട്ടാണ് ചേർത്തിരിക്കുന്നത്. ഇവിടെ പറഞ്ഞ **എല്ലാം** എന്നു പറഞ്ഞിരിക്കുന്നത് അദ്ധ്യായം 23 മുതൽ 25 വരെ യേശു പറഞ്ഞതെല്ലാം ആയിരിക്കാം. അത് ഒരുപക്ഷെ യേശു തന്റെ പ്രസംഗ ശുശ്രൂഷ അവസാനിപ്പിക്കുന്നു എന്ന സൂചനയുമായിരിക്കാം.

**വാക്യം 2.** യേശു തന്റെ ഉപദേശം അവസാനിപ്പിച്ച് – തന്റെ മരണം ആസന്നമായിരിക്കുന്നു എന്ന് യേശു നാലാം പ്രാവശ്യം (അവസാനമായി) അപ്പൊസ്തലന്മാരോട് അറിയിച്ചു (16:21; 17:22, 23; 20:17–19). അത് പെസഹാ ഭക്ഷിക്കുന്ന രാത്രിയുടെ രണ്ട് ദിവസം മുൻപായിരുന്നു. അവൻ **ക്രൂശിൽ ഏൽപിക്കപ്പെടും** എന്നു പറഞ്ഞു. യെഹൂദ മതാദ്ധ്യക്ഷന്മാർ തന്റെ ജീവൻ എടുക്കുവാൻ പോകുന്നു എന്നും പിതാവിന്റെ വീണ്ടെടുപ്പ് പദ്ധതി നിറവേറ്റുവാനുള്ള തന്റെ സമയം അടുത്തു എന്നും യേശു തിരിച്ചറിഞ്ഞിരുന്നു (26:18).

**വാക്യം 3.** ആസന്നമായ തന്റെ മരണത്തെ കുറിച്ച് യേശു ശിഷ്യന്മാരോട് പറയുമ്പോൾ, വലിയ കുഴപ്പം കൂടാതെ എങ്ങനെ യേശുവിനെ പിടിക്കാമെന്ന ആലോചനയിലായിരുന്നു യെഹൂദമതാദ്ധ്യക്ഷന്മാർ. ആ ആലോചന നടന്നത് **കയ്യഫാവിന്റെ** മണ്ഡപത്തിലായിരുന്നു, അതു തുറന്ന **കോടതി** (*അവുലേ*), അതിനു ചുറ്റും രാജധാനി കെട്ടിടങ്ങൾ. എങ്ങനെയായാലും, *അവുലേ* "രാജധാനി" യുടെ വികസിപ്പിക്കലിനും ഉപയോഗിച്ചിരുന്നു.[3] മിക്ക ഇംഗ്ലീഷ് തർജിമകളും രണ്ടാമത്തെ കാഴ്ച്ചപ്പാടിനോട് യോജിക്കുന്നു.

ആ കൂടിവരവ് ന്യായാധിപസഭയുടെ ഔദ്യോഗിക കൂടിവരവായിരുന്നില്ല, മറിച്ച് അനൗപചാരിക കൂടിവരവായിരുന്നു. ജനത്തിന്റെ **മൂപ്പന്മാരെയും മഹാപുരോഹിതന്മാരെയും** അവിടെ പറയുമ്പോൾ, അവരിൽ ഉൾപ്പെടുന്ന മൂന്നാമത്തെ സംഘമായ ശാസ്ത്രിമാരെ കുറിച്ച് പറയുന്നില്ല (16:21 ന്റെ പരാമർശം നോക്കുക). "യേശുവിനെ ഏറ്റവും ശക്തമായി എതിർത്തിരുന്നത് കുലീനാധിപത്യമുള്ള യെഹൂദന്മാരാണെന്ന് വ്യക്തമാക്കുന്നതായിരുന്നു ശാസ്ത്രിമാരുടേയും പരീശന്മാരുടേയും അസാന്നിധ്യം, കൂടാതെ അവർ രാഷ്ട്രീയ യാഥാർത്ഥ്യത്തിൽ താൽപര്യമുള്ളവരും, റോമാക്കാരുടെ അമിതഭാരത്തിന് യോജിച്ചവരുമായിരുന്നു" എന്നാണ് ലിയോൺ മോറിസ് പറഞ്ഞത്.[4]

അഹരോന്റെ വംശാവലിയിൽ ഏറ്റവും പ്രായം ചെന്ന ആളെയായിരുന്നു ആദ്യം **മഹാപുരോഹിതനായി** തിരഞ്ഞെടുത്തിരുന്നത്, എന്നാൽ യേശുവിന്റെ കാലമായപ്പോഴേക്ക്, പുരോഹിതന്മാരിൽനിന്നു നറുക്കിട്ട് മഹാപുരോഹിതനെ തിരഞ്ഞെടുക്കുന്ന രീതിയിലേക്ക് മാറിയിരുന്നു.[5] ബി. സി. 37 മുതൽ ഏ. ഡി. 67 വരെ, ചുരുങ്ങിയത് ഇരുപത്തി-യെട്ടു പുരുഷന്മാർ ആ ഉദ്യോഗത്തിലിരുന്നിട്ടുണ്ട്.[6] ഹന്നാവിനെ മഹാപുരോഹിതനായി നിയമിച്ചത് സിറിയൻ നാടുവാഴിയായിരുന്ന ക്വിറിനിയസ് ആയിരുന്നു,[7] അയാളുടെ ഔദ്യോഗിക കാലം ഏ. ഡി. 6–15 വരെ ആയിരുന്നു. പൊന്തിയൊസ് പിലാത്തൊസിനു മുൻപ്

ദേശാധിപതിയായിരുന്ന വലേറിയസ് ഗ്രാറ്റസ് അയാളെ സ്ഥാനഭ്രഷ്ടനാക്കി. ഒന്നാം നൂറ്റാണ്ടിൽ വിവിധ കാലയളവിലായി ഹന്നാവിന്റെ അഞ്ചു മക്കൾ മഹാപുരോഹിതന്മാരായി സേവനം അനുഷ്ഠിച്ചിരുന്നു: എലയാസർ, യോനാഥാൻ, തെയോഫിലോസ്, മഥിയാസ്, ഹനാനസ്. ഹന്നാവ് ശരിക്കുള്ള മഹാപുരോഹിതനായിട്ടാണ് അവന്റെ ശേഷിച്ച കാലയളവിലെല്ലാം യെഹൂദന്മാർ അവനെ ആദരിച്ചിരുന്നത്.[8]

വലേറിയസ് ഗ്രാറ്റസ് ആയിരുന്നു ഏ. ഡി. 18-ൽ ഹന്നാവിന്റെ മരു-മകൻ-ആയിരുന്ന കയ്യെഫാവിനെ (യോഹ. 18:13) മഹാപുരോഹിതനാക്കി നിയമിച്ചത്. അയാൾ ആ സ്ഥാനത്ത് ഏ. ഡി. 36 വരെ ഇരുന്നു, അതിനുശേഷം പൊന്തിയോസ് പിലാത്തോസിനുശേഷം വന്ന വിറ്റേലിയസ് അയാളെ സ്ഥാനഭ്രഷ്ടനാക്കി.[9] അയാളുടെ കാലയളവ് കീഴ്നടപ്പിനു വിരുദ്ധമായിരുന്നു. കയ്യെഫാവിനെ റോമാക്കാർ ഔദ്യോഗികമായ മഹാപുരോഹിതനായി തിരിച്ചറിഞ്ഞിരുന്നുവെങ്കിലും, യെഹൂദന്മാർ മഹാപുരോഹിതനായി ബഹുമാനിച്ചിരുന്നത് ഹന്നാവിനെ ആയിരുന്നു (ലൂക്കൊ. 3:2; പ്രവൃ. 4:6).

1990-ൽ നിർമ്മാണജോലിക്കാർ യെരുശലേമിലെ ശവമടക്കിയിരുന്ന ഗുഹ കുഴിച്ചപ്പോൾ, അവിടെ പല അവശിഷ്ടങ്ങളും (അസ്ഥികൾ അടങ്ങിയ പെട്ടികൾ) കണ്ടെത്തി. "കയ്യെഫാവിന്റെ മകൻ യോസേഫ്" എന്നു മേലെഴുത്തുള്ള ഒന്നായിരുന്നു ഏറ്റവും വലിയത്. അതിൽ അറുപത് വയസിൽ മരിച്ച ആളുടേ തടക്കം ആറു വ്യത്യസ്തരായ ആളുകളുടെ അസ്ഥികളും കണ്ടെടുത്തിരുന്നു. "ജോസെഫ് കയ്യെഫാവിനെ"[10] കുറിച്ച് ജോസെഫസ് എഴുതിയിരിക്കുന്നതിനാൽ ശവപ്പെട്ടിയിലുണ്ടായിരുന്ന അസ്ഥികൾ അയാളുടേതായിരുന്നു എന്നാണ് ചിലർ കരുതുന്നത്.[11]

**വാക്യം 4.** മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും കയ്യഫാവിന്റെ അരമനയിലെത്തിയപ്പോൾ, അവർ ഒരുമിച്ച് **യേശുവിനെ പിടിച്ച് കൊല്ലുവാൻ ആലോചന കഴിച്ചു**. യേശുവിനെ കൊല്ലുവാനുള്ള അവരുടെ ആലോചന ആ സമയത്ത് തുടങ്ങിയതായിരുന്നില്ല; അതിനു വളരെ മുൻപ് തന്നെ അത് ആരംഭിച്ചിരുന്നു (12:14; 21:38, 45, 46; യോഹ. 5:18; 7:1, 19, 25; 8:37, 40; 11:53). അവനെ എങ്ങനെ പിടിച്ച് കൊല്ലാമെന്നായിരുന്നു അവരുടെ ആലോചന. "സ്റ്റെൽത്ത്" (*ഡോലോസ്*) പലപ്പോഴും അർത്ഥമാക്കുന്നത് "വഞ്ചന," "ഉപായം" എന്നാണ്. എൻഐവി തർജിമ ചെയ്തിരിക്കുന്നത് "കൗശല മാർഗത്തിൽ" എന്നാണ്. എന്നാൽ എൻകെജെവിയിൽ "സൂത്രത്തിൽ" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. അവസാനം യേശുവിനെ പിടിക്കുന്നത് യേശുവിന്റെ തന്നെ ഒരു അപ്പൊസ്തലൻ ഒറ്റിക്കൊടുത്തപ്പോഴായിരുന്നു സംഭവിച്ചത് (26:14-16, 47-56).

**വാക്യം 5. കുഴപ്പമില്ലാതെ** യേശുവിനെ പിടിക്കുന്നത് അസാധ്യമാണെന്ന് യെഹൂദ അദ്ധ്യക്ഷന്മാർക്ക് അറിയാമായിരുന്നു. അതുകൊണ്ട് അവർ അത് രഹസ്യമായി ചെയ്യുവാൻ തീരുമാനിച്ചു. "പെരുന്നാളിൽ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, "**പെസഹ ആഘോഷിപ്പാൻ വന്ന പുരുഷാര** മദ്ധ്യേ ആകരുത്"[12] എന്നാണ് (ലൂക്കൊ. 22:6 നോക്കുക). എങ്ങനെയായാലും, യേശുവിനെ പിടിക്കുവാൻ പെരുന്നാൾ കഴിയുന്നതുവരെ നോക്കിനിന്നാൽ, അവരുടെ അവസരം നഷ്ടമാകുമെന്ന് വിചാരിച്ചു; കാരണം അവൻ പിന്നെ ഗലീലക്ക് മടങ്ങി പോകും.

മശിഹയെ പ്രതീക്ഷിച്ചുകൊണ്ടും ദേശിയ ഉൽസവ പ്രതീതിയിലുമായി

രുന്നു പെസഹ ആഘോഷിപ്പാൻ വന്ന യെഹൂദന്മാരെല്ലാം. മോശെയുടെ കാലത്ത് യെഹൂദന്മാരെ മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിച്ചു കൊണ്ടു വന്നതിന്റെ ഓർമ്മക്കായിരുന്നു അവർ പെസഹ ആഘോഷിച്ചിരുന്നത്. ഒന്നാം നൂറ്റാണ്ടിൽ റോമൻ ഞെരുക്കലിൽനിന്നും ഭരണത്തിൽനിന്നും മശിഹ വന്ന് തങ്ങളെ വിടുവിക്കുവാനായിരുന്നു യിസ്രായേൽ ജനം നോക്കിയിരുന്നത്. ഒരു ദേശിയ സ്വാതന്ത്ര്യവും ദാവീദിനെ പോലെയുള്ള ഒരു രാജഭരണവുമായിരുന്നു അവർ ആഗ്രഹിച്ചത്. യേശു തങ്ങളെ വിജയത്തിലേക്ക് നയിക്കുമെന്നാണ് ചില യെഹൂദന്മാർ വിചാരിച്ചത്, അത് അവർ വിജയപ്രവേശന സമയത്ത് വെളിപ്പെടുത്തുകയും ചെയ്തു (21:9 ന്റെ പരാമർശം നോക്കുക). പെസഹക്ക് വന്ന പുരുഷാര മദ്ധ്യേ കുഴപ്പം ഉണ്ടാക്കുവാൻ യെഹൂദ അദ്ധ്യക്ഷന്മാർ ആഗ്രഹിച്ചില്ല.

## #2: യേശുവിനെ അഭിഷേകം ചെയ്യൽ (26:6-13)

**6യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശിമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ 7ഒരു സ്ത്രീ വിലയേറിയ പരിമള തൈലം നിറഞ്ഞ ഒരു വെൺകൽ ഭരണി എടുത്തുകൊണ്ട് അവന്റെ അടുക്കെ വന്നു അവൻ പന്തിയിൽ ഇരിക്കുമ്പോൾ അത് അവന്റെ തലയിൽ ഒഴിച്ചു. 8ശിഷ്യന്മാർ അതു കണ്ടിട്ടു മുഷിഞ്ഞു; "ഈ വെറും ചെലവ് എന്തിന്? 9ഇതു വളരെ വിലക്ക് വിറ്റു ദരിദ്രർക്ക് കൊടുക്കാമായിരുന്നുവല്ലോ എന്നു പറഞ്ഞു." 10യേശു അത് അറിഞ്ഞു അവരോട്, "സ്ത്രീയെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. 11ദരിദ്രർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ട്. ഞാൻ നിങ്ങൾക്ക് എല്ലായ്പോഴും ഇല്ലതാനും. 12അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചതു എന്റെ ശവസംസ്ക്കാരത്തിന്നായി ചെയ്തതാകുന്നു. 13ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു."**

**വാക്യം 6.** മത്തായിയുടെ സുവിശേഷവിവരണം നൽകിയിരിക്കുന്നതു പലപ്പോഴും കാലനിർണ്ണയപ്രകാരമല്ല. ഇവിടെ കുറച്ചു ദിവസം മുൻപ് സംഭവിച്ച കാര്യങ്ങളെയാണ് പറയുന്നത്. **യേശു ബേഥാന്യയിലേക്ക്** പോയി (21:17 ന്റെ പരാമർശം നോക്കുക). അവൻ എത്തിയത് "പെസഹക്ക് ആറു ദിവസം മുൻപ് ആയിരുന്നു," "അവർ അവന്ന് ഒരു അത്താഴം ഒരുക്കിയിരുന്നു" (യോഹ. 12:1, 2; 26:2). ആ ഭക്ഷണം കഴിച്ചത് ശനിയാഴ്ച്ച വൈകുന്നേരമായിരിക്കാം (യെഹൂദ കണക്കനുസരിച്ച് അപ്പോൾ ഞായറാഴ്ച്ച ആയിരുന്നു) അടുത്ത ദിവസം നടക്കുവാനിരിക്കുന്ന വിജയപ്രവേശനത്തിനു മുൻപായിരുന്നു അത് (21:1 ന്റെ പരാമർശം നോക്കുക).

ചുരുങ്ങിയത് പതിനേഴ് പേർ ആ അത്താഴത്തിന് പങ്കെടുത്തുകാണും. പന്തിരുവരോടുകൂടെ യേശുവും, ലാസറും അവന്റെ സഹോദരിമാരായ മാർത്തയും, മറിയയും, ആതിഥേയനായ **കുഷ്ഠരോഗിയായ ശീമോനും.** യേശു അവന്റെ കുഷ്ഠം ഭേദമാക്കിയിരിക്കാം. അല്ലായിരുന്നുവെങ്കിൽ, ന്യായപ്രമാണം അനുശാസിക്കുന്നതുപോലെ കുഷ്ഠരോഗികൾ സമൂഹത്തിൽനിന്നും അകന്നു കഴിയണമായിരുന്നു (ലേവ്യ. 13:45, 46). തന്നെ സൗഖ്യമാ

ക്കിയതിന്റെ നന്ദിസൂചനയായിട്ടായിരിക്കാം അവൻ ആ വിരുന്ന് ഒരുക്കിയത്. വിരുന്ന് ലാസറിനെ ഉയർപ്പിച്ചതിന്റെ അനുമോദനമായിരുന്നു എന്നും, യേശുവിന്റെ മൂന്നു സ്നേഹിതന്മാരുടെ[13] അപ്പനായിരുന്നു അവൻ എന്നും വിശ്വസിക്കപ്പെടുന്നു.

**വാക്യം 7.** മത്തായിയും മർക്കൊസും **സ്ത്രീയെ** തിരിച്ചറിയിക്കുന്നില്ലെങ്കിലും, യോഹന്നാൻ 12:3 സൂചിപ്പിക്കുന്നത്, അത് ലാസറിന്റെ സഹോദരി മറിയയായിരുന്നു എന്നാണ്. **വിലയേറിയ ഒരു വെൺകൽ ഭരണി തൈലവു**മായിട്ടായിരുന്നു അവൾ യേശുവിനെ സമീപിച്ചത്. "വെൺകൽഭരണി" (*അലബാസ്ട്രോസ്*) നീണ്ട കഴുത്തുള്ള ഒരു "ഫ്ളാസ്ക്ക്" ആയിരിക്കാം (എൻകെജെവി). ആ ഭരണി സാധാരണ കൊത്തുപണി ചെയ്ത കല്ലുകൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. "നാർഡ് ചെടിയുടെ ഓയിലായിരിക്കും അതിൽ നിറച്ചിരിക്കുക" (യോഹ. 12:3; എൻഐവി), ഇന്ത്യയിൽ കാണുന്ന നാർഡ് ചെടിയുടെ വേരിൽനിന്നാണ് ആ തൈലം എടുക്കുന്നത്.[14] മർക്കൊസ് 14:5 പറയുന്നത് അതിന് "മുന്നൂറു വെള്ളിക്കാശിൽ അധികം വില വരും" എന്നാണ്. അത് സാധാരണ ജോലിക്കാരന്റെ ഒരു വർഷത്തെ വേതനമായി കണക്കാക്കാം (18:28; 20:2; 22:19 ന്റെ പരാമർശം നോക്കുക).

ആ കൽഭരണിയുടെ കഴുത്ത് പൊട്ടിച്ച് (മർ. 14:3), അവൾ മേശയിൽ **ചാഞ്ഞിരുന്ന യേശുവിന്റെ തലയിൽ** [തൈലം] **ഒഴിച്ചു** "ഒഴിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*കറ്റാചെയോ*) അക്ഷരികമായി "ഒഴിക്കുക" എന്നാണ്. അവൾ ഒരുപക്ഷെ യേശുവിന്റെ തലയും കാലും എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കാം, കാരണം യോഹന്നാൻ പറയുന്നത് അവൾ "യേശുവിന്റെ പാദങ്ങൾ തൈലം പൂശി, തലമുടികൊണ്ട് തുടച്ചു" എന്നും "തൈലത്തിന്റെ സുഗന്ധം വീട് നിറച്ചു"എന്നുമാണ് (യോഹ. 12:3). യെഹൂദ വിരുന്നിൽ അതിഥികളെ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നത് സാധാരണയായിരുന്നു (സങ്കീ. 23:5; ലൂക്കൊ. 7:46).

ഈ സംഭവം ലൂക്കൊസ് 7:36–50-ൽ പറഞ്ഞിരിക്കുന്നതുമായി തെറ്റിദ്ധരിക്കരുത്, അവിടെ പേർപറയാത്ത പാപിയായ ഒരു സ്ത്രീ യേശുവിന്റെ കാൽ എണ്ണകൊണ്ട് അഭിഷേകം ചെയ്തു അവളുടെ കണ്ണുനീർ വീണ പാദങ്ങൾ അവൾ തന്റെ മുടികൊണ്ട് തുടച്ചെടുത്തു. ആ അഭിഷേകം ബേഥാന്യയിലെ മറിയ ചെയ്തതിന് വളരെ മുൻപ് നടന്നതാണ്. ലൂക്കൊസിലെ സംഭവം ഗലീലയിലെ പരീശനായിരുന്ന, ശീമോന്റെ ഭവനത്തിലായിരുന്നു (ലൂക്കൊ. 7:36). അക്കാലത്ത് നിലനിന്നിരുന്ന ഒരു സാധാരണ പേരായിരുന്നു "ശീമോൻ." തിരുവെഴുത്തിൽ ചുരുങ്ങിയത് പത്ത് ശീമോൻമാരെ പറയുന്നു, ജോസെഫസ് വേറെ ഇരുപതു ശീമോൻമാരെയും പറയുന്നു.[15] ആ അവസരത്തിൽ, പാപിയായ ഒരു സ്ത്രീ അവനെ സ്പർശിച്ചതിന് യേശു വിമർശിക്കപ്പെടുകയുണ്ടായി (ലൂക്കൊ. 7:39).

ഈ വേദ ഭാഗത്തിൽ, അവൾ ചെയ്ത പാഴ്ച്ചെലവിന് മറിയ വിമർശിക്കപ്പെട്ടു (26:8, 9). ലൂക്കൊസിന്റെ വിവരണത്തിലെ സ്ത്രീയോട് പറഞ്ഞു, "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു ... നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോക" (ലൂക്കൊ. 7:48, 50). ഇവിടെ, യേശു മറിയയെ അഭിനന്ദിക്കയും വിമർശകരെ ശാസിക്കുകയുമാണ് ചെയ്തത് (26:10–13).

**വാക്യങ്ങൾ 8, 9.** മറിയ യേശുവിനെ അഭിഷേകം ചെയ്തപ്പോൾ, ശിഷ്യന്മാർ **രോഷാകുലരായി**; അവരെ സംബന്ധിച്ച് അത് ഒരു പാഴ്ച്ചെലവായിരുന്നു;

ചിലർ ധാർമ്മിക രോഷത്താൽ പറഞ്ഞു, "ആ സുഗന്ധതൈലം എന്തിനാണ് പാഴാക്കിയത്?" (മർ. 14:4). ആ വിമർശനത്തിൽ പല അപ്പൊസ്തലന്മാരും ഉൾപ്പെട്ടിരിക്കാം, പക്ഷെ ഇസ്ക്കാര്യോത്താ യൂദയാണ് ആ ദുഷ്പ്രേരണക്ക് തിരികൊളുത്തിയത് (യോഹ. 12:4). അവൻ പറഞ്ഞു, "ആ തൈലം മുന്നൂറു വെള്ളിക്കാശിന് വിറ്റു ദരിദ്രർക്ക് കൊടുക്കാമായിരുന്നില്ലേ?" (യോഹ. 12:5).[16] എങ്ങനെയായാലും, "ഇതു ദരിദ്രന്മാരെ കുറിച്ച് വിചാരമുണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും, പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടതു എടുത്തുവന്നതുകൊണ്ടുമത്രെ പറഞ്ഞതു" (യോഹ. 12:6).

കർത്താവിന്റേയും കൂടെയുള്ള മറ്റു അപ്പൊസ്തലന്മാരുടേയും ഖജാൻജി ആയിരുന്നു യൂദാ, ആ നിസാരമായ വരുമാനത്തിൽനിന്ന് അവൻ ചെറിയ മോഷണം നടത്തുമായിരുന്നു. ഇതിൽ നിന്നും യൂദാ അത്യാഗ്രഹി ആണെന്നും അവൻ ചെയ്യുന്നതെല്ലാം സ്വാർത്ഥത നിമിത്തം മാത്രമായിരിക്കും. മോഷ്ടിക്കുന്ന ആൾ ഭോഷ്ക്ക് പറയുകയും, അതിനെ തുടർന്നു മറ്റെല്ലാ പാപവും,സ്നേഹിതനെ പോലും ഒറ്റിക്കൊടുക്കയും ചെയ്യുകയായിരുന്നു.

**വാക്യം 10**. ഈ സമയത്ത്, അപ്പൊസ്തലന്മാരുടെ **വിമർശനം യേശു** മനസിലാക്കി (12:15; 16:7, 8; 22:18). ആ വിവരം അവൻ അമാനുഷമായി അറിഞ്ഞതാകാം അല്ലെങ്കിൽ അവർ പറയുന്നത് അവൻ കേട്ടിരിക്കാം (മർ. 14:4, 5 നോക്കുക).

യേശു മറിയയുടെ പ്രവൃത്തിയെ പ്രതിരോധിച്ച്, വിമർശകരെ ശാസിച്ച് പറഞ്ഞു, **"നിങ്ങൾ സ്ത്രീയെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്**." "നല്ലത്" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് (*കലോസ്*) "ബാഹ്യമായ സൗന്ദര്യം" എന്നർത്ഥം (ആർഎസ്വി; എൻഐവി; എൻസിവി; ജെഎൻടി നോക്കുക), എന്നാൽ "നല്ലത്," "ഉത്തമമായ" എന്നത് സന്മാർഗ ലക്ഷ്യാർത്ഥത്തിലായിരിക്കാം പറഞ്ഞിരിക്കുന്നത്.

**വാക്യം 11. ദരിദ്രന്മാരെ സഹായിക്കുവാൻ അവർ എപ്പോഴും അടുത്തുണ്ടാകുമെന്നാണ്** യേശു തന്റെ സദസ്യരെ ഓർമ്മിപ്പിച്ചത്. അവന്റെ മനസിൽ ആവർത്തനപുസ്തകം 15:11 ആയിരിക്കാം മനസിലുണ്ടായിരുന്നത്: "ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല; അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു നിന്റെ കൈ മനസോടെ തുറന്നു കൊടുക്കേണമെന്ന് ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു." എന്നിരുന്നാലും, "യേശുവിന്റെ അവരുടെ ഇടയിലെ സമയം പരിമിതമായിരുന്നു. അവൻ വിട്ടുപോയശേഷവും [അവനോട്] തുടരുന്ന സ്നേഹ പ്രവൃത്തിയായിരുന്നു മറിയയുടേത് (മർ. 2:19, 20)"[17] ദരിദ്രരെ കുറിച്ചുള്ള കരുതൽ നിമിത്തമായിരുന്നില്ല യേശു അപ്പൊസ്തലന്മാരെ ശാസിച്ചത്. അവർ എല്ലാവരേയും യേശുവിന്റെ അനുയായികളായി കണക്കാക്കണമായിരുന്നു.

**വാക്യം 12**. യേശു തുടർന്നു, "**അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചത് എന്റെ ശവസംസ്ക്കാരത്തിനായി ചെയ്തതാകുന്നു**." ഒരു മൃതദേഹം അടക്കുമ്പോൾ, മാർദ്ദവവസ്ത്രം ചുറ്റി തൈലവും സുഗന്ധവർഗവും പൂശി അടക്കുക എന്നത് യെഹൂദന്മാരുടെ ആചാരമായിരുന്നു. യേശു മരിച്ച ഉടനെ അവന്റെ ശരീരം ശീലകൾ ചുറ്റി സുഗന്ധവർഗവുമിട്ടാണ് അരിമഥ്യക്കാരനായ യോസേഫും നിക്കൊദേമോസും അടക്കിയത് (യോഹ. 19:40). ഞായറാഴ്ച്ച രാവിലെ യേശുവിന്റെ കല്ലറക്കൽ കൂടുതൽ സുഗന്ധവർഗമർപ്പിക്കുവാനായിരുന്നു സ്ത്രീകൾ വന്നത് – അടക്കം കൂടുതൽ അനുയോജ്യമാക്കുന്നതി

നാണെന്ന് തോന്നുന്നു (മർ. 16:1). ഈ സമയത്ത്, യേശുവിന്റെ മരണത്തിനു മുൻപ് അവൾക്ക് ചെയ്യാവുന്നത് ചെയ്തു.

യേശു മരിക്കുവാൻ പോകുന്നു എന്ന് മറിയ അറിഞ്ഞിരുന്നോ? അവൻ പല പ്രാവശ്യം തന്റെ മരണത്തെ മുന്നറിയിച്ചിരുന്നു എങ്കിലും, അവന്റെ ശിഷ്യന്മാർക്ക് ആ യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല. ഒരുപക്ഷെ ഈ കാര്യത്തിൽ അവൾക്ക് അപ്പൊസ്തലന്മാരേക്കാൾ കൂടുതൽ ഉൾക്കാഴ്ച്ച ഉണ്ടായിരുന്നേക്കാം.[18] മറ്റൊരു സാധ്യത, യേശു അവളുടെ പ്രവൃത്തിയെ വ്യാഖ്യാനിച്ചത് അവന്റെ അറിവു വെച്ചുകൊണ്ടാണ്, അല്ലാതെ അവളുടെ അറിവിൻപ്രകാരമായിരുന്നില്ല. അവൾ "നല്ല പ്രവൃത്തി" ചെയ്തു എന്നു പറഞ്ഞുകൊണ്ടാണ് യേശു അവളെ പ്രതിരോധിച്ചത്. റബ്ബിമാർ രണ്ട് പ്രവൃത്തികളെയാണ് നല്ല പ്രവൃത്തികളായി കണ്ടിരുന്നത്: ദരിദ്രരെ സഹായിക്കുന്നതും മരിച്ചവരെ അടക്കുവാൻ തയ്യാറാകുന്നതും. "മരിച്ചവരെ അടക്കുവാൻ തയ്യാറാകുന്നതു ഉയർന്ന പ്രവൃത്തിയായിട്ടാണ് കണ്ടിരുന്നത്, കാരണം അത് ഭിക്ഷ കൊടുക്കുന്നതുപോലെ എപ്പോഴും ചെയ്യാവുന്നതല്ല, ഒരിക്കൽ മാത്രം ചെയ്യുവാൻ കഴിയുന്നതാണ്, കൂടാതെ ഭിക്ഷ കൊടുക്കുന്നതിന് ശാരീരിക പ്രവർത്തനം ആവശ്യമില്ല, എന്നാൽ മരിച്ചവരെ അടക്കുന്നതിന് ശാരീരിക സേവനം ആവശ്യമാണ്."[19]

**വാക്യം 13**. ആ തൈലം മറിയക്ക് വേണമെങ്കിൽ സൂക്ഷിച്ച് വെച്ച് തന്റെ പ്രിയപ്പെട്ട ആരെങ്കിലും മരിക്കുമ്പോൾ ഉപയോഗിക്കാമായിരുന്നു. എങ്ങനെയായാലും, അവൾ അങ്ങനെ തീരുമാനിച്ചിരുന്നു എങ്കിൽ, അവൾ ഒരു മഹത്തായ പ്രവൃത്തിക്കുള്ള സുവർണ്ണാവസരം നഷ്ടപ്പെടുത്തുമായിരുന്നു. ആ മഹത്തായ പ്രവൃത്തി അവൾ ചെയ്തതുകൊണ്ട്, **ലോകത്തിൽ ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ഓർമ്മിക്കപ്പെടും** എന്ന് യേശു പറഞ്ഞു.

## #3: യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാ സമ്മതിക്കുന്നു (26:14-16)

**14അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഈസ്കര്യോത്താവ് മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു. 15നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചുതരാം എന്നു പറഞ്ഞു; അവർ അവന്നു മുപ്പതു വെള്ളിക്കാശ് തൂക്കി കൊടുത്തു. 16അന്നുമുതൽ അവനെ കാണിച്ചുകൊടുപ്പാൻ അവൻ തക്കം അന്വേഷിച്ചുപോന്നു.**

**വാക്യം 14**. സ്നേഹവും ധ്യാനവും ഉള്ള ആ സ്ത്രീ (മറിയ) യേശുവിനെ അഭിഷേകം ചെയ്തതിനെ തുടർന്നു **പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ** ഒരാളായിരുന്ന യൂദാ അവനെ ഒറ്റിക്കൊടുത്തു. മത്തായിയുടെ സുവിശേഷത്തിൽ ഇത് രണ്ടാമത്തെ പ്രാവശ്യമാണ് **യൂദാ ഈസ്കാര്യോത്താ**യുടെ പേർ കാണുന്നത്. ആദ്യം 10:4 ലാണ് കാണുന്നത്. അവിടെ അപ്പൊസ്തലന്മാരാകുവാൻ ശിഷ്യന്മാരെ വിളിച്ചപ്പോഴായിരുന്നു. ആ വാക്യത്തിൽ അവനെ "യേശുവിനെ കാണിച്ചുകൊടുത്ത ഈസ്ക്കാര്യോത്താ യൂദാ" എന്നാണ് പറഞ്ഞിരിക്കുന്നത് (26:24, 25, 46, 48; 27:3 നോക്കുക). അങ്ങനെ ഓർമ്മിക്കപ്പെടുന്നത് എത്ര ഭയങ്കരം!

മറിയയുടെ സംഭാവന ഒരുപക്ഷെ യൂദായെ ഉടനെ **മഹാപുരോഹിതന്മാരുടെ** അടക്കലേക്ക് തിരക്കിട്ട് പോകുവാൻ പ്രേരിപ്പിച്ചിരിക്കാം. അവന്റെ

അത്യാഗ്രഹം നിമിത്തം (യോഹ. 12:6), അവനു ദേഷ്യം വന്നുകാണും; കൂടാതെ യേശുവിന്റെ കർക്കശമായ താക്കീതും അവനു സഹിക്കുവാൻ കഴിഞ്ഞിരിക്കയില്ല (26:10–13). യൂദാ മറിയയെ വിമർശിക്കു**മ്പോൾ തന്നെ**, അവൻ യേശുവിനെ "ഒറ്റിക്കൊടുക്കുവാൻ" തീരുമാനിച്ചിരുന്നു എന്ന് യോഹന്നാൻ 12:4 സൂചിപ്പിക്കുന്നു.[20] യൂദാ യേശുവിനെ ഒറ്റിക്കൊടുക്കുവാനുള്ള മറ്റൊരു സാധ്യത, രാജ്യസ്ഥാപനത്തിൽ (ഭൗതികമാകാതെ ആത്മികമായത്) യേശു അവനെ നിരാശപ്പെടുത്തിയിരിക്കാം, കൂടാതെ യേശു റോമാക്കാർക്കെതിരെ തിരിയാതിരുന്നതും കാരണമായേക്കാം.

**വാക്യം 15**. ഈ രംഗത്തെ "ഒരു തണുത്ത വ്യവസായ പ്രമേയം" എന്നു വിളിച്ചിരിക്കുന്നു.[21] യേശുവിനെ **ഒറ്റിക്കൊടുത്താൽ** [തനിക്ക്] **എന്തു തരും** എന്നു ചോദിക്കുന്നതിനാൽ അവന്റെ അത്യാഗ്രഹം വ്യക്തമാകുന്നു. യേശുവിനെ പിടിച്ച് കൊല്ലുവാൻ ആലാചിച്ചിരുന്ന യെഹൂദമതാദ്ധ്യക്ഷന്മാർക്ക് (26:3–5), അവരുടെ ഇടയിൽനിന്നുതന്നെ ഒരാൾ വന്ന് അവനെ കാണിച്ചുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്തത് അവരെ എത്രത്തോളം സന്തോഷിപ്പിച്ചിരിക്കും എന്നു നമുക്ക് ഊഹിക്കുവാനേ കഴിയു (മർ. 14:11; ലൂക്കൊ. 22:5 നോക്കുക).

അതിനു പ്രതികരണമായി, അവർ അവന്നു **മുപ്പതുവെള്ളിക്കാശ്** തൂക്കി കൊടുത്തു. ന്യായപ്രമാണത്തിൻ കീഴിൽ ഒരു അടിമയെ മൃഗം കൊന്നാൽ കൊടുക്കേണ്ട നഷ്ടപരിഹാരത്തുകയാണ് അവർ യൂദായ്ക്ക് കൊടുത്ത തുക (പുറ. 21:32). പ്രവാചകനായിരുന്ന സെഖര്യാവ് പ്രവചിച്ച തുകയുമായിരുന്നു അത് (സെഖ. 11:12, 13). അവൻ പറഞ്ഞ ദൃഷ്ടാന്തത്തിൽ, ഇടയന്നു കൂലിയായി, മുപ്പതുവെള്ളിക്കാശ് കൊടുത്തു എന്നാണ്, എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ, യേശുവിനെ (നല്ല ഇടയൻ) അവന്റെ വിലക്ക് വിറ്റു എന്നാണ്.[22] രണ്ട് രംഗങ്ങളിലും, ഇടയൻ ആളുകളാൽ ത്യജിക്കപ്പെട്ടിരുന്നു. യേശുവിനെ ഒറ്റിക്കൊടുക്കുന്നതിൽ ഉൾപ്പെട്ട സംഖ്യയും, അത് കുശവന്റെ നിലം വാങ്ങുവാനായി ഉപയോഗിക്കുമെന്നും സെഖര്യാവിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. ആ പ്രവചനം നിവർത്തീകരിക്കുന്നതായി പിന്നീട് മത്തായി രേഖപ്പെടുത്തി പറഞ്ഞത്, കുശവന്റെ നിലം വാങ്ങി അത് പരദേശികളെ കുഴിച്ചിടുവാനായി ഉപയോഗിക്കുമെന്നാണ് (27:6–10).

**തൂക്കി കൊടുത്തു** എന്നു തർജിമ ചെയ്ത ഗ്രീക്ക് വാക്ക് (*ഹിസ്റ്റെമിയിൽ* നിന്ന്) സെഖര്യാവ് 11:12 ലും ഉപയോഗിച്ചിരിക്കുന്നു (LXX). ബി. സി., ആറാം നൂറ്റാണ്ടിൽ പ്രവാചകൻ എഴുതിയപ്പോൾ, വിലയുള്ളതും ഉറപ്പുള്ളതുമായ മുദ്രയുള്ള നാണയങ്ങൾ ഇറക്കിയിരുന്നില്ല, അതുകൊണ്ട്, മൂല്യം വരുന്നവിധത്തിൽ വെള്ളിക്കാശ് തൂക്കി നൽകുകയായിരുന്നു പതിവ്.[23] ഒന്നാം നൂറ്റാണ്ടിൽ നാണയങ്ങൾ എണ്ണിയാണ് കൊടുത്തിരുന്നതെങ്കിലും, സെഖര്യാവിന്റെ വചന പ്രതിധ്വനിക്കായിരിക്കാം മത്തായി *ഹിസ്റ്റെമി* എന്ന് വാക്ക് ഉപയോഗിച്ചത്. "തൂക്കിക്കൊടുത്തു" എന്നതിനു പകരം പല ഇംഗ്ലീഷ് തർജിമകളിലും "എണ്ണിക്കൊടുത്തു" (ടിഇഡി; എൻഐവി; എൻകൊജെവി) അല്ലെങ്കിൽ "കൊടുത്തു" എന്നാണ് (എൻആർഎസ്വി; എൻജെബി; സിഇഡി).

**വാക്യം 16**. ആ നിമിഷം മുതൽ, യൂദാ യേശുവിനായി വിലപേശുവാനും അവന്റെ ശത്രുക്കൾക്ക് അവനെ കാണിച്ചു കൊടുപ്പാനുള്ള **നല്ല അവസരത്തിനായി** നോക്കിയിരുന്നു. കഷ്ടാനുഭവാഴ്ച്ചയുടെ ബുധനാഴ്ച്ചയായിരിക്കണം, യൂദയും മഹാപുരോഹിതന്മാരും കണ്ടുമുട്ടിയത്. എന്നാൽ അവന്നു അവസരം ഒത്തുകിട്ടിയത് ഒന്നര ദിവസത്തിനു ശേഷമായിരുന്നു.

## പാഠങ്ങൾ

**"അവളുടെ ഓർമ്മക്കായി" (26:6-13)**

ഒരാളുടെ വിശുദ്ധമായ പ്രവൃത്തി മറ്റൊരാളുടെ ജീവിതത്തെ ബാധിക്കുമെന്ന പാഠമാണ് ബേഥാന്യയിൽ വെച്ച് യേശുവിനെ അഭിഷേകം ചെയ്ത സംഭവം വ്യക്തമാക്കുന്നത്. യേശുവിനെ അഭിഷേകം ചെയ്ത സ്ത്രീയുടെ പേർ മത്തായിയുടെ സുവിശേഷത്തിൽ പറയുന്നില്ല, എന്നാൽ യോഹന്നാൻ അവളുടെ പേർ, ലാസറിന്റെ സഹോദരി മറിയയായി, തിരിച്ചറിയിക്കുന്നു (യോഹ. 12:2, 3). അവളുടെ ദയാ പ്രവൃത്തിയിൽ നമുക്ക് അഞ്ചു നിരീക്ഷണങ്ങൾ നടത്താം.

1. *വിലയേറിയ സമ്മാനമാണ് അവൾ യേശുവിന് നൽകിയത്.* 300 വെള്ളിക്കാശിലധികം വിലയുള്ളതായിരുന്നു തൈലം, അത് ഒരു വർഷത്തെ വേതനമായിരുന്നു (മർ. 14:5). വിലയുള്ള സമ്മാനം നൽകുന്നതിന് വലിയ ത്യാഗം ആവശ്യമാണ്.

2. *അവൾ ഒന്നും പുറകിൽ പിടിച്ചുവെച്ചില്ല.* വെൺകൽ ഭരണിയുടെ വക്ക് അവൾ പൊട്ടിച്ച് അതിലുള്ളതൊക്കെ അവൾ ഒഴിച്ചു (മർ. 14:3) – "സ്വഛജഡമാംസ തൈലം" (യോഹ. 12:3; എൻഐവി).

3. *അവൾ വ്യക്തിപരമായി നേരിട്ടാണ് സമ്മാനം നൽകിയത്.* തന്റെ സമ്മാനം അവൾ മറ്റൊരാൾ മുഖേന കൊടുത്തയക്കുകയായിരുന്നില്ല. മറിയ തന്നെയാണ് തൈലം യേശുവിന്റെ ദേഹത്ത് ഒഴിച്ചത്. അതു തികച്ചും വ്യക്തിപരമായിരുന്നു.

4. *അവൾ മറ്റുള്ളവരുടെ വിമർശനം സഹിച്ചു.* അത് ഒരു "പാഴ്ച്ചിലവ്" എന്ന് പറഞ്ഞ ശിഷ്യന്മാർ വാസ്തവത്തിൽ അവളെ പിന്താങ്ങുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. തീർച്ചയായും അവരുടെ കഠിനവാക്കുകൾ അവളെ വേദനിപ്പിച്ചിരിക്കും.

5. *അവളെ യേശു അഭിനന്ദിച്ചു.* അവളെ വിമർശിച്ചവരെ അവൻ മിണ്ടാതാക്കുകയും, അവൾ ചെയ്തതു തന്റെ ശവസംസ്ക്കാരത്തിനുള്ളതാകുന്നു എന്ന് അവളുടെ പ്രവൃത്തിയെ വ്യാഖ്യാനിക്കുകയും ചെയ്തു. അതിലുപരിയായി അവൻ പറഞ്ഞു, "ലോകത്തിലെങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും" (26:13).

നമ്മുടെ ദയാ പ്രവൃത്തികളാൽ നാം ഓർമ്മിക്കപ്പെടുമോ?

ഡേവിഡ് സ്റ്റുവർട്ട്

**ഈസ്ക്കാര്യോത്താ യൂദാ (26:14-16, 20-25, 47-50)**

ഈസ്ക്കാര്യോത്താ യൂദായുടെ പേർ കുപ്രസിദ്ധമായിരുന്നു. ലോകത്തിലെ രാജ്യദ്രോഹികളുടെ പേർ പറയുമ്പോഴെല്ലാം അവന്റെ പേർ ഓർമ്മിക്കുകയും നിന്ദിക്കുകയും ചെയ്യും. ഒരപ്പനും തന്റെ മകന് ഈ പേർ ഇടുകയില്ല; എങ്കിലും ആ പേരിനർത്ഥം "പുകഴ്ത്തുക" എന്നാണ്, അത് എബ്രായ ഭാഷയിൽ "യെഹൂദാ" എന്ന പേരിനു സമമാണ് (ഉല്. 29:35). യൂദാ എങ്ങനെ ക്രിസ്തുവിന്റെ രാജ്യദ്രോഹിയായി? തന്റെ യജമാനനെ നശിപ്പിക്കുന്നതിലേക്ക് അവൻ പരീക്ഷിക്കപ്പെട്ട് ദയനീയമായി പരാജയപ്പെട്ടതാണോ? ദൈവകരുണക്കപ്പുറമായി അവൻ സ്വയനിയന്ത്രണത്തിനു കഴിയാതെ സാഹചര്യത്തിനടി

മപ്പെട്ടതായിരുന്നോ?

ജീവന്റെ അപ്പത്തെ കുറിച്ചുള്ള യേശുവിന്റെ പ്രസംഗശേഷം (യോഹ. 6:48–58), പത്രൊസ് പറഞ്ഞു, "കർത്താവേ, ... നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്" (യോഹ. 6:68). യേശു പ്രതികരിച്ചു, " നിങ്ങളെ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ പിശാചാകുന്നു" (യോഹ. 6:70). ഇത് "അവൻ ശിമോൻ ഈസ്കാര്യോത്താവിന്റെ മകനായ യൂദയെ കുറിച്ച് പറഞ്ഞു" എന്ന് യോഹന്നാൻ മനസിലാക്കിയിരുന്നു (യോഹ. 6:71). പത്രൊസ് തീർച്ചപ്പെടുത്തിയ "അവൻ ദൈവത്തിന്റെ പരിശുദ്ധൻ" എന്നത് അപ്പൊസ്തലന്മാർ എല്ലാവരും തിരിച്ചറിഞ്ഞിരുന്നു എന്നു തോന്നുന്നു (യോഹ. 6:69). യേശു ക്രിസ്തു ആണെന്ന് യൂദാ വാസ്തവത്തിൽ വിശ്വസിച്ചിരുന്നു എങ്കിൽ, അവന്റെ കർത്താവിനെ അവന് എങ്ങനെ മരണത്തിന് ഏൽപിക്കുവാൻ കഴിയുമായിരുന്നു?

യൂദായെ കുറിച്ച് പല ചോദ്യങ്ങൾക്കും ഉത്തരം കിട്ടാതിരിക്കുമ്പോഴും, തിരുവെഴുത്തിൽ അവന്റെ ജീവിതത്തെ കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ കാണാം.

ഒന്ന്, അവൻ കർത്താവിനെ ഒറ്റിക്കൊടുക്കുമെന്ന് പ്രവചിച്ചിരുന്നുവെങ്കിലും, ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയിലെ ഒഴിച്ചുനിർത്തുവാൻ പറ്റാത്ത ചതുരംഗത്തിലെ കാലാൾ പോലെയായിരുന്നു യൂദാ (സങ്കീ. 41:9; 55:12–14; പ്രവൃ. 1:25).

രണ്ട്, യേശു യൂദായെ തിരഞ്ഞെടുത്തപ്പോൾ, അവൻ പിശാചായിരുന്നില്ല; എന്നാൽ അവൻ പിന്നീട് പിശാചിന്റെ ഏജന്റായി മാറി. അവൻ പിശാചിന്നു വിധേയനായി, തന്റെ ജീവിതത്തെ നിയന്ത്രിക്കുവാൻ അവൻ പിശാചിനെ അനുവദിച്ചു (യോഹ. 13:27 നോക്കുക).

മൂന്ന്, യൂദാക്ക് മറ്റു അപ്പൊസ്തലന്മാരോടൊപ്പം അത്ഭുതം പ്രവർത്തിക്കുവാനുള്ള ശക്തിയും യേശുവിൽനിന്നു ലഭിച്ചിരുന്നു - മിക്കവാറും അവൻ അത്ഭുതം പ്രവർത്തിച്ചിരിക്കുവാനും സാധ്യതയുണ്ട് (ലൂക്കൊ. 9:1, 10). യേശു അത്ഭുതം ചെയ്തിരുന്നതിനും അവൻ സാക്ഷിയായിരുന്നു, അതുകൊണ്ട്, അവനെ വാസ്തവത്തിൽ തിരിച്ചറിയിക്കുന്നതിൽ, അവൻ വഞ്ചിക്കപ്പെട്ടിരിക്കയില്ല.

നാല്, യൂദായ്ക്ക് അത്യാഗ്രഹം എന്ന പ്രശ്നം ഉണ്ടായിരുന്നു. മറ്റെല്ലാ പാപങ്ങളേയും പോലെ, ഈ പാപം അവന്റെ ഹൃദയത്തിൽനിന്നുത്ഭവിച്ചതാണ് (15:19). സ്വർഗത്തിൽ നിക്ഷേപം നടത്തുന്നതിനേക്കാൾ അവന് താൽപര്യം ഈ ഭൂമിയിലെ സമ്പത്ത് സ്വരൂപിക്കുന്നതിലായിരുന്നു. അവന്റെ അത്യാഗ്രഹമായിരുന്നു മറിയയെ വാക്ക്കൊണ്ട് അവൻ ആക്രമിക്കുവാൻ ശ്രമിച്ചതിന്റെ പിന്നിൽ (യോഹ. 12:4–6). അതുകഴിഞ്ഞ ഉടനെ അവൻ പോയത് കർത്താവിനെ ഒറ്റിക്കൊടുക്കുന്നതിനായിരുന്നു (26:14, 15).

യൂദാ നിർണ്ണയിച്ചതായിരുന്നു ഒറ്റിക്കൊടുക്കൽ. ഗെദ്ശമെനയിലായിരുന്ന യേശുവിന്റെ അടുക്കലേക്ക് അവൻ വലിയോരു പുരുഷാരത്തെ നയിച്ചുകൊണ്ടുപോയി (26:47).

**എവിടെയാണ് യൂദായ്ക്ക് തെറ്റിയത് (26:14-16, 20-25, 47-50)**

നാം ഉപേക്ഷിക്കേണ്ട പല തെറ്റുകളും യൂദാ തന്റെ ജീവിതത്തിൽ ചെയ്തു:

1. തന്റെ ദ്രവ്യാഗ്രഹമെന്ന അപരാധത്തെ അവൻ അതിജീവിച്ചില്ല.

2. ക്രിസ്തുവിന്റെ മുന്നറിയിപ്പുകൾ അവൻ കേട്ടു, പക്ഷെ ശ്രദ്ധിച്ചില്ല.
3. ലഭിച്ച സുവർണ്ണാവസരം അവൻ മുതലാക്കിയില്ല.
4. തനിക്ക് ചുറ്റും സംഭവിച്ചുകൊണ്ടിരുന്നത് അവൻ ഗ്രഹിച്ചില്ല.
5. അവൻ തന്റെ നിരാശയും സംശയങ്ങളും ജീവിതത്തെ എടുത്തു കൊൾവാൻ അവൻ അനുവദിച്ചു.
6. അവൻ തന്നെയും മറ്റുള്ളവരേയും ഉപേക്ഷിച്ചു.

---

കുറിപ്പുകൾ

[1]യേശുവിനെ അഭിഷേകം ചെയ്തത് (26:6–13) സംഭവിച്ചത് അദ്ധ്യായം 26 ലെ മറ്റു സംഭവങ്ങൾക്ക് കുറച്ചു മുൻപാണ്. യേശുവിന്റെ അപ്പൊസ്തലന്മാരിൽ ഒരാൾ അവനെ ഒറ്റിക്കൊടുക്കുന്നതിലേക്ക് നയിച്ച ആ സ്ത്രീയുടെ അഭിഷേകത്തിലെ ഉദാരപൂർവ്വമായ അന്തരം വ്യക്തമാക്കുവാനായിരിക്കാം മത്തായി അത് ഇവിടെ അവതരിപ്പിച്ചത് (26:14–16). [2]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു* 14–28, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 749. [3]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 150. [4]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 644. [5]താൽമൂദ് *യോമാ* 18ഏ; *യേബമോത്* 61ഏ. [6]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 141. [7]ജോസെഫസ് *ആന്റികിറ്റിസ്* 18.2.1. [8]ഇബിഡ്., 20.9.1. [9]ഇബിഡ്., 18.2.2; 18.4.3. [10]ഇബിഡ്., 18.2.2.

[11]മൈക്കിൾ ജെ. വിൽക്കിൻസ്, “മാത്യു,” *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ്, കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി.ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 160. ചർച്ചയോടുകൂടെ വിൽകിൻസ് കയ്യഫാവിന്റെ അരമനയുടെ ഫോട്ടോയും ഉൾപ്പെടുത്തിയിരിക്കുന്നു. [12]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു, ഇന്റർപ്രെട്ടേഷൻ* (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 293; നോക്കുക റോബർട്ട് എച്ച്. മൗൺസ്, മാത്യു, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 238. [13]വീട്ടിലെ അംഗങ്ങൾ മുഴുവൻ അതേ വീട്ടിൽ താമസിച്ചിരിക്കുവാനാണ് സാധ്യത. ലൂക്കൊസിന്റെ സുവിശേഷത്തിൽ, മാർത്ത അവളുടെ വീട്ടിൽ യേശുവിന് ഭക്ഷണം ഒരുക്കി എന്നാണ് (ലൂക്കൊ. 10:38, 40). ഈ അവസരത്തിൽ, യോഹന്നാന്റെ സുവിശേഷം സൂചിപ്പിക്കുന്നത്, മാർത്ത ശിമോന്റെ വീട്ടിൽ ഭക്ഷണം വിളമ്പുന്നതായിട്ടാണ് (യോഹ. 12:2). [14]വിൽക്കിനസ്, 161. [15]ലേവിസ്, 142. [16]ഒരാൾക്ക് ഉള്ളത് വിറ്റു ദരിദ്രർക്ക് കൊടുക്കുന്നത്, യേശു ധനികനായ യുവാവിനോട് പറഞ്ഞതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത് (19:21). [17]യോവേൽ ബി.ഗ്രീൻ ആന്റ് ഹോളി ഈ. ഹീരോൻ, “അനോയിന്റിങ്,” ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോയേൽ ബി.ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 12. [18]ഒരുപക്ഷെ അവളുടെ സഹോദരൻ ലാസറിനെ ഉയർപ്പിച്ചതിലുള്ള ആവേശവും അവളിൽ അലതല്ലിയിരുന്നേക്കാം (യോഹ. 12:9–11). [19]ഹെയർ, 294. [20]ഈ ആശയം എൻഏഎസ്ബിയിൽ പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും,

മറ്റു തർജിമകളിൽ കൂടുതൽ പൊതുവായിട്ടാണ് ഉള്ളത്. ഉദാഹരണമായി യൂദായെ "പിന്നീട് ഒറ്റിക്കൊടുക്കുവാനുള്ളവൻ" എന്നാണ് എൻഐവിയിൽ (യോഹ. 12:4).

[21]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 363. [22]ഹെയർ, 294. [23]ജോയ്സ് ജി. ബാൽഡ്വിൻ, ഹഗായി, സെഖര്യാവ്, മലാഖി: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി ടിൻഡേൽ ഓൾഡ് ടെസ്റ്റമെന്റ് കമെന്ററീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1972), 184.